"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - വില്ലേജ്/താലൂക്ക്/ആർ.ഡി.ഒ ഓഫീസുകളിൽ നിന്നും നൽകുന്ന സർട്ടിഫിക്കറ്റുകളുടെ സാധുതാ കാലയളവ് - വൺ ആൻറ് സെയിം (One and Same) സർട്ടിഫിക്കറ്റിന്റെ സാധുതാ കാലയളവ് ആജീവനാന്തമായി ദീർഘിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**റവന്യൂ(റ്റി)വകുപ്പ്**

**സ.ഉ.(കൈ) നം.211/2019/റവ.** തീയതി,തിരുവനന്തപുരം, 01/07/2019

പരാമർശം:- 1 സർക്കാർ ഉത്തരവ്(കയ്യെഴുത്ത്) നമ്പർ 136/07/ആർഡി തീയതി 27/04/2007

2 ലാൻഡ് റവന്യൂ കമ്മിഷണറുടെ 16.05.2019ലെ എൽ.ആർ.എ6-42387/2018 നമ്പർ കത്ത്

**ഉത്തരവ്**

വില്ലേജ്/താലൂക്ക്/ആർ.ഡി.ഒ ഓഫീസുകളിൽ നിന്നും നൽകുന്ന വിവിധ സർട്ടിഫിക്കറ്റുകളുടെ സാധുതാ കാലയളവ് നിശ്ചയിച്ച് പുറപ്പെടുവിച്ചിട്ടുള്ള പരാമർശം (1)ലെ സർക്കാർ ഉത്തരവ് പ്രകാരം വൺ ആന്റ് സെയിം സർട്ടിഫിക്കറ്റ് നൽകുന്നത് പ്രത്യേക ആവശ്യത്തിനു വേണ്ടിയാണ്. ഓരോ തവണയും പ്രത്യേക ആവശ്യത്തിനായി one and same certificate ലഭിക്കുന്നതിനു വേണ്ടി റവന്യൂ അധികാരികളെ സമീപിക്കേണ്ടി വരുന്ന അവസ്ഥ വളരെയേറെ ബുദ്ധിമുട്ടുണ്ടാക്കുന്നതായും അതിനാൽ വൺ ആന്റ് സെയിം (one and same) സർട്ടിഫിക്കറ്റിന്റെ കാലാവധി ആജീവനാന്തമായി നിശ്ചയിക്കണമെന്നുമാവശ്യപ്പെട്ട് സർക്കാരിന് നിവേദനം ലഭിക്കുകയുണ്ടായി.

ഇ-ഡിസ്ട്രിക്ട് മുഖേന (ഡിജിറ്റൽ ഒപ്പോടു കൂടിയവ) അനുവദിക്കുന്ന വൺ ആൻറ് സെയിം (One and Same) സർട്ടിഫിക്കറ്റിന്റെ സാധുതാ കാലയളവ് ആജീവനാന്തമാക്കാവുന്നതാണ് എന്ന് പരാമർശം (2) പ്രകാരം ലാൻഡ് റവന്യൂ കമ്മിഷണർ ശിപാർശ ചെയ്യുകയുണ്ടായി.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. വില്ലേജ്/താലൂക്ക് ഓഫീസുകളിൽ നിന്ന് നൽകുന്ന വൺ ആന്റ് സെയിം (one and same) സർട്ടിഫിക്കറ്റിന്റെ സാധുതാ കാലയാളവ് ആജീവനാന്തമായി നിശ്ചയിച്ചും പ്രസ്തുത സർട്ടിഫിക്കറ്റ് വിശദമായതും കർശനമായതുമായ അന്വേഷണങ്ങളുടെ അടിസ്ഥാനത്തിൽ മാത്രം അനുവദിക്കുന്നതിന് നിർദ്ദേശിച്ചും സർക്കാർ ഉത്തരവാകുന്നു. പരാമർശം (1) ലെ സർക്കാർ ഉത്തരവ് ഇപ്രകാരം ഭേദഗതി വരുത്തിയിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**അശോക് കുമാർ കെ**
**ജോയിന്റ് സെക്രട്ടറി**

ലാൻഡ് റവന്യൂ കമ്മിഷണർ, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും, റവന്യൂ ഡിവിഷണൽ ഓഫീസർമാർക്കും, തഹസീൽദാർമാർക്കും,

വില്ലേജ് ഓഫീസർമാർക്കും
ഡയറക്ടർ, വിവരപൊതുജന സമ്പർക്ക വകുപ്പ് (മാധ്യമങ്ങൾക്ക് നൽകുതിന്)
വെബ് & ന്യൂ മീഡിയ (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ